ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ബാലരാമപുരം പോലീസ് സ്റ്റേഷൻ ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നല്ലൊരു ബിൽഡിംഗ് പണിത് കഴിഞ്ഞിട്ട് ആറ് മാസത്തോളമായി. അതുകൊണ്ട് ബാലരാമപുരത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷൻ അവിടെനിന്നും മാറ്റി പുതിയ കെട്ടിടത്തിലേക്ക് മാറ്റാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, അതിന്റെ ഇലക്ട്രിസിറ്റി, വാട്ടർ സപ്ലൈ കണക്ഷനുവേണ്ടി ഇട്ടിരിക്കുകയാണ്. ഉടനെ തന്നെ വേണ്ട ക്രമീകരണം ഏർപ്പാട് ചെയ്യും.

ശ്രീ. കെ. പി. രാമൻ : സർ, മാവൂർ പോലീസ് സ്റ്റേഷന്റെ കെട്ടിടം പൂർത്തിയായിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുകയാണ്. അതു എന്തുകൊണ്ടാണ് ഉൽഘാടനം ചെയ്യാതിരിക്കുന്നത്. എത്രയും വേഗം അത് ഉൽഘാടനം ചെയ്ത് പ്രവർത്തനത്തിനു അനുമതി നൽകാൻ തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, അതു പൂർത്തിയായിക്കഴിഞ്ഞ കാര്യമാണെങ്കിൽ ബഹുമാനപ്പെട്ട മെമ്പർതന്നെ അതു ഉൽഘാടനം ചെയ്യുന്നതിൽ വിരോധമില്ല.

ശ്രീ. സി. ടി. കൃഷ്ണൻ : സർ, പാലക്കാട് ജില്ലയിൽ ആലത്തൂർ ഡി. വൈ. എസ്. പി. യുടെ ഓഫീസ് ഉൾപ്പെടെയുള്ള ഒരു റൂപീകരിക്കുമെന്നും മങ്കല ഡാം കോട്ടയിൽ അതിനോട് അനുബന്ധിച്ച് ഒരു പോലീസ് സ്റ്റേഷൻ വരുമെന്നും കേട്ടു. ഇതെല്ലാം വാടക കെട്ടിടത്തിലാണോ, പുതിയ കെട്ടിടം നിർമ്മിച്ചതിനുശേഷമാണോ പ്രവർത്തനം തുടങ്ങുന്നത് ? അങ്ങനെയൊരു ഡിവിഷൻ അവിടെ ഉൾപ്പെടുത്തുന്നതു ശരിയാണോ അതിനുവേണ്ടി ഗവൺമെൻറ് തീരുമാനമെടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : സർ, പുതിയതായി തീരുമാനിക്കുന്ന സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം പണിത് ആരംഭിക്കാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് വാടകകെട്ടിടത്തിൽ ആരംഭിച്ചശേഷം സ്വന്തം കെട്ടിടം പണിയാൻ ഏർപ്പാട് ചെയ്യും. പുതിയ കെട്ടിടത്തിന് സാങ്ഷൻ കൊടുത്തുകഴിഞ്ഞിട്ടുള്ളതാണ്.

ഗ്രാമീണ പരിസരശുചീകരണ പരിപാടി

274. *[295] ശ്രീ. പി. സീതിഹാജി :
,, കെ. പി. എ. മജീദ് :
,, നാലകത്ത് സൂപ്പി :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, കെ. എം. ഹംസക്കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) 'ഗ്രാമീണ പരിസര ശുചീകരണ പരിപാടി' സംസ്ഥാനത്തെ പഞ്ചായത്തുകളിൽ എന്നു മുതൽ ആരംഭിച്ചു ;

(ബി) ഏതു വിദേശ ഏജൻസിയുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് ;

(സി) എത്ര പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട് ; ഇല്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്

(ഇ) പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(എഫ്) സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ജി) ഉണ്ടെങ്കിൽ എന്നുമുതൽ ?

പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന വാട്ടർ സപ്ലൈ ആൻറ് സാനിട്ടേഷൻ ആക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ലോ കോസ്റ്റ് സാനിറ്റേഷൻ സ്കീം പ്രകാരം പഞ്ചായത്തുകളിൽ കക്കൂസ് നിർമ്മിക്കുന്ന പരിപാടി 1986 ഒക്ടോബർ 2-ാം തീയതി മുതൽ നടപ്പിലാക്കി വരുന്നു.

(ബി) ലോകബാങ്കിന്റെ സഹായത്തോടെ.

(സി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, എന്നീ 5 ജില്ലകളിലുള്ള (ലോകബാങ്ക് പ്രോജക്ട് വില്ലേജുകളുമായി അംഗീകരിച്ചിട്ടുള്ള) 32 പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) കേരള വാട്ടർ അതോറിറ്റി മുഖേന.

(ഇ) ലോകബാങ്ക് അധികൃതർ തയ്യാറാക്കിയിട്ടുള്ള പ്ലാൻപ്രകാരം പബ്ലിക് വർക്സ് ഡിപ്പാർട്ടുമെൻറിലെ ബന്ധപ്പെട്ട എൻജിനീയർമാരുടെ മേൽ നോട്ടത്തിൽ ഉപഭോക്താക്കൾ, പരിശീലനം സിദ്ധിച്ച തൊഴിലാളികളെക്കൊണ്ട് നേരിട്ടോ അത് സാദ്ധ്യമല്ലെങ്കിൽ കരാറുകാരെക്കൊണ്ടോ കക്കൂസ് പണി ചെയ്യിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഒരു കക്കൂസ് നിർമ്മിക്കുന്നതിന് ഉദ്ദേശം 1840-രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ചെലവ് 75 ശതമാനം ലോകബാങ്കിൽനിന്നും സഹായധനമായും, 25% ഉപഭോക്താക്കളുടെ വിഹിതമായും എടുക്കാനാണ് ഉദ്ദേശിക്കുന്നത്. ഉപഭോക്താക്കളുടെ വിഹിതം ഉടനടി അടച്ചു തീർക്കാവുന്നതോ, അല്ലെങ്കിൽ ലോണായി പരിഗണിച്ച് അടച്ച് തീർക്കാവുന്നതോ ആണ്.

(എഫ്) ഇല്ല. പ്രോജക്ട് വില്ലേജുകളായി അംഗീകരിച്ചിട്ടുള്ള 32 പഞ്ചായത്തുകളിൽ നടപ്പാക്കുവാൻ മാത്രമേ ഉദ്ദേശിക്കുന്നുള്ളു.

(ജി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. പി. എ. മജീദ് : ലോകബാങ്കിന്റെ സഹായത്തോടുകൂടി ഈ സ്കീമിൽ ഈ വർഷം എത്ര തുകയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ശ്രീ. സി. എം. സുന്ദരം : മൊത്തത്തിൽ 5 കോടി രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഈ സ്കീമിൽ ഉപഭോക്താക്കളെ തെരഞ്ഞെടുക്കാൻ എന്ത് സംവിധാനമാണുള്ളത് ? എന്ത് മാനദണ്ഡമാണ് ഇതിന് വേണ്ടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. സി. എം. സുന്ദരം : ഈ പഞ്ചായത്തുകളെ തെരഞ്ഞെടുത്തിരിക്കുന്നത് ലോകബാങ്കിന്റെ ഒരു പ്രത്യേക യു. എൻ. ഡി. പി. കമ്മിറ്റിയാണ്.

LIBRARY ARCHIVES Kerala Legislative Assembly